പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T*586 27/10/2011-ൽ മറുപടിക്ക്.

## വ്യത്യസ്ത ചികിത്സാരീതികൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

ചോദ്യം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആരോഗ്യ സംരക്ഷണ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച വിശദവിവരം നൽകാമോ;

(എ) കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡപ്രകാരം സംസ്ഥാനത്ത് ബി.പി.എൽ; വിഭാഗത്തിലുള്ള 11.79 ലക്ഷം കുടുംബങ്ങളെ കൂടാതെ സംസ്ഥാന ഗവൺമെന്റിന്റെ ലിസ്റ്റിലുള്ള ദരിദ്ര കുടുംബങ്ങളെയും ചേർത്തുകൊണ്ട് ഇൻഷുറൻസ് പ്രീമിയം തുകയുടെ 75 % കേന്ദ്ര സർക്കാരും 25 % സംസ്ഥാന സർക്കാരും വഹിച്ചുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.). പദ്ധതി പ്രകാരം സ്മാർട്ട് കാർഡ് കൈവശമുള്ള ഒരു കുടുംബത്തിന് (പരമാവധി 5 അംഗങ്ങൾക്ക്) ഒരു വർഷം 30,000/- രൂപയുടെ ചികിത്സാ സഹായം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭിക്കും. ആർ.എസ്.ബി.വൈ. കുടുംബത്തിലെ നാഥ/നാഥൻ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകടമരണം സംഭവിച്ചാൽ 2 ലക്ഷം രൂപവരെയും ഗുരുതരമായ തീപ്പൊള്ളലേറ്റാൽ 50,000/- രൂപവരെയും നഷ്ടപരിഹാരം ലഭിക്കും.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ആയൂർവേദ, ഹോമിയോ, യുനാനി വിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങളെ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണങ്ങളെന്താണെന്ന് വിശദമാക്കുമോ;<br><br>(ഡി) വ്യത്യസ്ത ചികിത്സാ രീതികൾ ആരോഗ്യ സംരക്ഷണത്തിന് അംഗീകരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ആയുർവേദ, സിദ്ധ, ഹോമിയോ, യുനാനി വിഭാഗങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി & ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.) യുടെ മാർഗ്ഗരേഖകൾ നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ടി മാർഗ്ഗ രേഖകൾ പ്രകാരം അലോപ്പതി വിഭാഗത്തെ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. |

സെക്ഷൻ ഓഫീസർ